## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1079** — **21.03.2013 ൽ മറുപടിക്ക്**

### ഫുൾടൈം മീനിയൽ തസ്തികയിൽ നിയമനം

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ. എം. ഉമ്മർ** | **ശ്രീ.പി.കെ.അബ്ദു റബ്ബ്**<br>**( വിദ്യാഭ്യാസ വകുപ്പു മന്ത്രി)** |
| (എ) മലപ്പുറം ജില്ലയിലെ സർക്കാർ ഹൈസ്കൂളുകളിൽ സ്വീപ്പിംഗ് ജോലി നടത്തേണ്ട ഫുൾടൈം മീനിയൽ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ എത്ര തസ്തികകൾ എന്നറിയിക്കുമോ; | (ബി) മലപ്പുറം ജില്ലയിൽ 56 എഫ്.റ്റി.എം തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്. |
| (സി) ഈ തസ്തികകൾ നികത്തുന്നതിനുള്ള തടസ്സം എന്താണെന്ന് അറിയിക്കുമോ;<br>(ഡി) ഈ തസ്തികയിലേയ്ക്കുള്ള നിയമനം എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കും എന്ന് അറിയിക്കുമോ? | (സി) & (ഡി) ജില്ലയിലെ പി.റ്റി.സി.എം കാരുടെ സീനിയോരിറ്റി ലിസ്റ്റിൽ നിന്നും ജില്ലാ കളക്ടർ ശുപാർശ ചെയ്യുന്നവരെയാണ് എഫ്.റ്റി.എം ആയി നിയമിക്കുന്നത്. ജില്ലാ കളക്ടർ ഇതുവരെ 6 പേരെ നിയമിക്കാനായി ലിസ്റ്റ് അയച്ചു തന്നിട്ടുണ്ട്. പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടത്തിയിട്ടുണ്ട്. ബാക്കിയുള്ളവരുടെ ലിസ്റ്റ് ലഭിച്ചാൽ മാത്രമേ നിയമനം പൂർത്തീകരിക്കാനാവുകയുള്ളു. |

സെക്ഷൻ ഓഫീസർ